കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

ചാലിയാർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.5/1433/2017 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി.22-08-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് / സെക്രട്ടറി മുഖേന

ചാലിയാർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചാലിയാർ ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചാലിയാർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23 (1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഓൺലൈനായി http://aims.ksad.kerala.gov.in/esubmission ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 22,23, 1997 കേരളാ പഞ്ചായത്ത് രാജ്

പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ.എം.പി.എം.5/1433/2017 തിയ്യതി: 22-08-17

## മലപ്പുറം ജില്ലയിലെ ചാലിയാർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ ചാലിയാർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-09-2016 മുതൽ 13-06-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

---

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.ഷാജഹാൻ.എ.എസ്, ഡെപ്യൂട്ടി ഡയറക്ടർ

---

ഓഡിറ്റിന് വിനിയോഗിച്ച സമയം : 14-06-2017 മുതൽ 24-06-2017വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. വേലായുധൻ.കെ.ജി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.രാമകൃഷ്ണൻ.ടി | ഓഡിറ്റർ |
| ശ്രീ.റഷീദ്.വി | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ. പി.ടി.ഉസ്മാൻ | 01.04.2016 മുതൽ 31.03.2017 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.യു.പ്രേമരാജൻ | 01.04.2016 മുതൽ 02.05.2016 വരെ<br>17.05.2016 മുതൽ 18.07.2016 വരെ |
| ശ്രീ.ജയപാലൻ (അധിക ചുമതല) | 03.05.2016 മുതൽ 16.05.2016 വരെ |
| ശ്രീ.സത്യകുമാരൻ.കെ.കെ | 19.07.2016 മുതൽ 15.11.2016 വരെ<br>30.11.2016 |
| ശ്രീ.ഡി.നൗഷാദലി<br>(അധിക ചുമതല) | 16.11.2016 മുതൽ 29.11.2016 വരെ<br>01.12.2016 മുതൽ 04.12.2016 വരെ<br>18.01.2017 മുതൽ 05.02.2017 വരെ |
| ശ്രീ.സിദ്ദീഖ് വടക്കൻ | 05.12.2016 മുതൽ 17.01.2017 വരെ<br>06.02.2017 മുതൽ 31.03.2017 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി.ഹസീന.എൻ.കെ | 01.04.2016 മുതൽ 30.11.2016 വരെ |
| | ശ്രീ.മുഹമ്മദാലി.പി | 01.12.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ശ്രീ. നിഖിൽറോഷ്.എ.എസ് | 01.04.2016 മുതൽ 31.03.2017 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി.പി.ഷെർലി | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദ) | ഡോ.കബീർ.എ.എം | 01.04.2016 മുതൽ 31.07.2016 വരെ |
| | ഡോ.ബീന റസാഖ് | 01.08.2016 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| | | |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. അനൂപ് | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സിന്ധ്യ.പി | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഡോ. അനൂപ് | 01.04.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ. ബെന്നി സെബാസ്റ്റ്യൻ | 01.04.2016 മുതൽ 17.05.2016 വരെ |
| | ശ്രീമതി.ഷക്കീല.പി | 18.05.2016 മുതൽ 05.01.2017 വരെ |
| | ശ്രീ. ബെന്നി സെബാസ്റ്റ്യൻ | 05.01.2017 മുതൽ 31.01.2017 വരെ |
| | ശ്രീമതി.മുഹ്സിന മുഹമ്മദ് | 01.02.2017 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ | ശ്രീ. അബ്ദുൾ റഷീദ് | 01.04.2016 മുതൽ 25.07.2016 വരെ |
| | ശ്രീ.കെ.വി.മുജീബ് റഹ്മാൻ | 26.07.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |

| | | | |
|---|---|---|---|
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 12 | കവറേജ് അധികരിച്ച് കൊണ്ടുള്ള കെട്ടിടനിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചു. | 2-1 | |
| 13 | കെട്ടിടനിർമ്മാണ പെർമിറ്റ് അനുവദിച്ചതിലെ അപാകതകൾ. | 2-2 | |
| 14 | അർഹത ഉറപ്പുവരുത്താതെ നികുതി ഇളവ് നൽകി. | 2-3 | |
| 15 | കെട്ടിടനിർമ്മാണം പൂർത്തിയാക്കി ക്രമവത്കരണത്തിന് അപേക്ഷിച്ച കെട്ടിടങ്ങൾക്ക് വസ്തുനികുതി ചുമത്തിയില്ല. | 2-4 | |
| 16 | ബി.എസ്.എൻ.എല്ലിന്റെ സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല. | 2-5 | |
| ഭാഗം III ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 17 | കിണർ ശുചീകരണം-ക്രമപ്രകാരമല്ലാതെ ചെലവ് ചെയ്തു. | 3-1 | |
| 18 | വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല—തുക തടസ്സം ചെയ്യുന്നു. | 3-2 | |
| 19 | ലൈബ്രറി സെസ്സ് അടവാക്കുന്നതിൽ കാലതാമസം | 3-3 | |
| 20 | ക്രമപ്രകാരമല്ലാതെ പഞ്ചായത്ത് വാഹനത്തിന്റെ ടയർ മാറ്റിയത് | 3-4 | |
| 21 | മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതിൽവീഴ്ച | 3-5 | |
| 22 | കിളച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരമില്ല | 3-6 | |
| 23 | മുഴുവൻ മരുന്നുകളും ലഭ്യമായതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. | 3-7 | |
| 24 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി--മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. | 3-8 | |
| 25 | ആയുർവേദം - മരുന്നുകൾ ലഭ്യമായതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. | 3-9 | |
| 26 | ഹോമിയോ-മുഴുവൻ മരുന്നുകളും ലഭ്യമായില്ല | 3-10 | |
| 27 | പൊതുസ്ഥലങ്ങൾ മലമൂത്രവിസർജ്ജനമുക്തമാക്കാനുള്ള പദ്ധതി(ഒ ഡി എഫ്) -തുക ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. | 3-11 | |
| 28 | ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല. | 3-12 | |
| 29 | കാർഷിക പ്രവർത്തനങ്ങൾ--മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിയില്ല. | 3-13 | |

| | | | |
|---|---|---|---|
| 30 | ഹെഡ്മിസ്ട്രസ് നടപ്പിലാക്കിയ പദ്ധതികൾ - അപാകതകൾ | 3-14 | |
| 31 | ഷീപ്പാഡ് പദ്ധതി - വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. | 3-15 | |
| 32 | വെറ്ററിനറി സർജൻ നടപ്പിലാക്കിയ വിവിധ പദ്ധതികൾ -അപാകതകൾ | 3-16 | |
| 33 | ആശ്രയ പദ്ധതി | 3-17 | |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 34 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 35 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 37 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 38 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 39 | ഓഡിറ്റ് റിക്കവറി | 4-6 | |
| 40 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 ലെ പുതുക്കിയ ബജറ്റ് 23.03.2017 ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2017 | 30-05-2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ.

1).B-17 ഷെഡ്യൂളിൽ ഗ്രാന്റിന് തുടങ്ങിയ ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പും B4 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുള്ള തുകയും പൊരുത്തപ്പെടുന്നില്ല. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | B4 ഷെഡ്യൂൾ പ്രകാരം | B-17 ഷെഡ്യൂൾ പ്രകാരം |
|---|---|---|
| Total Sanitation Campaign (TSC) | 2584634 | 613786 |
| Western Ghat Development Scheme (WGDP) | 225745 | 111825 |

2). വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ പൂർത്തിയാക്കിയിട്ടില്ല.
(ഓഡിറ്റ് സർട്ടിഫിക്കറ്റ്, ബാലൻസ് ഷീറ്റ്, ഇൻകം എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് എന്നിവ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 14756508 |
| വരവ് | 51510046 |
| ആകെ | 66266554 |
| ചെലവ് | 47320423 |
| നീക്കിയിരുപ്പ് | 18946131 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ബാക്കി | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 14220744 | 14220744 | 11185581 | 3035163 | 78.66% |
| വികസനഫണ്ട് എസ്.സി.പി. | 0 | 2475216 | 2475216 | 1843249 | 631967 | 74.47% |
| വികസനഫണ്ട് ടി.എസ്.പി. | 0 | 4766868 | 4766868 | 2967141 | 1799727 | 62.24% |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 9015417 | 9015417 | 5221445 | 3793972 | 57.92% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3706596 | 3706596 | 1022406 | 2684190 | 27.58% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 7974479 | 7974479 | 3839286 | 4135193 | 48.14% |
| പെർഫോമൻസ് ഗ്രാന്റ് (കേന്ദ്രം) | 0 | 3528760 | 3528760 | 945557 | 2583203 | 26.80% |
| പെർഫോമൻസ് ഗ്രാന്റ് (സംസ്ഥാനം) | 0 | 1097687 | 1097687 | 0 | 1097687 | 0 % |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 21988 | 22306654 | 22328642 | 22271636 | 57006 | 99.74% |
| ബി. ഫണ്ട് | 0 | 30798595 | 30798595 | 30798595 | 0 | 100% |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 161 | 94 | 0 | 67 | 58.39 % |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-7 തനത് വരുമാനം

മുൻ വർഷത്തെ അപേക്ഷിച്ച് ഗ്രാമപഞ്ചായത്തിന് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം വർധന ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1937029 | 3788869 | (+)1851840 | (+) 95.60 % |
| നികുതിയേതര വരവുകൾ | 321678 | 536253 | (+) 214575 | (+) 66.70 % |
| മറ്റ് വരവുകൾ | 353427 | 446850 | (+) 93423 | (+) 26.43 % |
| ആകെ | 2612134 | 4771972 | (+) 2159838 | (-) 82.68 % |

## 1-8 ക്ഷേമപദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 309840 | 186 |
| കർഷകതൊഴിലാളി പെൻഷൻ | 4268040 | 429 |
| വിധവാപെൻഷൻ | 9991245 | 907 |
| വാർദ്ധക്യകാലപെൻഷൻ | 12133410 | 1068 |
| വികലാംഗപെൻഷൻ | 2896410 | 284 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ | 619650 | 54 |
| വിവാഹ ധനസഹായം | 500000 | 18 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.06.2017 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 20/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

സാമ്പത്തിക അച്ചടക്കം പാലിച്ചില്ല.

ഓഡിറ്റ് വർഷത്തിൽ കണ്ടിജന്റ് വിഭാഗത്തിൽ ഉൾപ്പെടുത്തി സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പരിധി കവിഞ്ഞ്

ചെലവ് ചെയ്തിട്ടുണ്ട്. വിശദവിവരങ്ങൾ ഖണ്ഡിക 3.1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പദ്ധതി രൂപീകരണം.

തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ മൊത്തത്തിൽ ഒരു ആസൂത്രണ യൂണിറ്റായി കണ്ട് സമസ്ത മേഖലകളിലേയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്ര പരിപാടികളാണ് ഓരോ മേഖലയിലും തയ്യാറാക്കേണ്ടത്. വാർഡ് / ഡിവിഷൻ അടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നത് വിഭവവിന്യാസത്തിന്റെ ഫലപ്രാപ്തിയെ സാരമായി ബാധിക്കുന്നതാണ്. ചാലിയാർ ഗ്രാമപഞ്ചായത്തിൽ ഇത് പൂർണ്ണമായി പാലിച്ചിട്ടില്ല. 161 പ്രൊജക്ടുകളിലായി 57922797/- രൂപ വകയിരുത്തിയെങ്കിലും 31548750/- രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളു. 94 പ്രൊജക്ടുകൾ മാത്രമാണ് പൂർത്തിയാക്കിയത്. 67 പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടില്ല. പദ്ധതി രൂപീകരണത്തിൽ കൂടുതൽ യാഥാർത്ഥ്യ ബോധത്തോടെയുള്ള സമീപനം ആവശ്യമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | പെർഫോമൻസ് ഓഡിറ്റ് | 29.04.2017 | 01.02.2017 മുതൽ 28.02.2017 വരെ. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ഓഡിറ്റ് നടന്നിട്ടില്ല. | | |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കവറേജ് അധികരിച്ച് കൊണ്ടുള്ള കെട്ടിടനിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചു.

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 35 പ്രകാരം, കാറ്റഗറി II ൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിൽ നിർമ്മിക്കുന്ന വാണിജ്യ കെട്ടിടങ്ങൾക്ക് അനുവദനീയമായ കവറേജ്, പരമാവധി 55 ആണ്. (ടേബിൾ 2, ക്രമനമ്പർ 7). എന്നാൽ ചാലിയാർ ഗ്രാമപഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ അനുവദനീയ കവറേജ് അധികരിച്ചുകൊണ്ട് നിർമ്മിച്ചിട്ടുള്ള വാണിജ്യ കെട്ടിടത്തിന് ഓവർസിയറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സെക്രട്ടറി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| കെട്ടിട ഉടമയുടെ പേരും വിലാസവും. | ശ്രീധരൻ.ഐ, ഇരിപ്പൻകണ്ടൻ ഹൗസ്, എരഞ്ഞിമങ്ങാട്.പി.ഒ |
| പെർമിറ്റ് നമ്പർ / തിയ്യതി. | 4773/16 തിയ്യതി : 09.12.2016 |
| പ്ലോട്ട് ഏരിയ | 758 ച.മീ |
| പ്ലിന്ത് ഏരിയ | ഗ്രൗണ്ട് ഫ്ലോർ - 315.73 ച.മീ.<br>ഫസ്റ്റ് ഫ്ലോർ - 433.36 ച.മീ.<br>ആകെ - 749.09 ച.മീ. |
| കവറേജ് % | ഏതൊരു നിലയിലേയും പരമാവധി നിർമ്മിതി വിസ്തീർണ്ണം / പ്ലോട്ട് വിസ്തീർണ്ണം.<br>= 433.36/758 * 100 = 57.17 % |

അനുവദനീയമായ കവറേജ് മറികടന്നുകൊണ്ടുള്ള കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചതിന്റെ കാരണം വിശദമാക്കേണ്ടതും അപാകത പരിഹരിക്കേണ്ടതുമാണ്.

## 2-2 കെട്ടിടനിർമ്മാണ പെർമിറ്റ് അനുവദിച്ചതിലെ അപാകതകൾ.

ശ്രീ.അബൂബക്കർ.എം.കെ, മലാക്കുഴിയിൽ ഹൗസ്, കൊമ്മേരി.പി.ഒ എന്നവർ ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിൽ 2.6751 ഹെക്ടർ സ്ഥലത്ത് നിർമ്മിക്കുന്ന വിവിധോദ്ദേശ്യ കെട്ടിടത്തിന് നിർമ്മാണാനുമതിക്കായി 09.03.2016 ന് ഗ്രാമപഞ്ചായത്ത് ഓഫീസിൽ അപേക്ഷ സമർപ്പിച്ചു. സാങ്കേതിക പരിശോധനക്ക് ശേഷം 02.06.2016 ന് A5-1459/16 നമ്പർ പ്രകാരം പെർമിറ്റ് അനുവദിച്ചതിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1). തറ വിസ്തീർണ്ണവും വിനിയോഗവും രേഖപ്പെടുത്തിയതിലെ അപാകതകൾ.

A2, D, F ഗ്രൂപ്പ് വിനിയോഗങ്ങളിൽ പെടുന്ന ഈ കെട്ടിടത്തിന്റെ തറവിസ്തീർണ്ണം താഴെ പറയുന്ന പ്രകാരമാണ്.

| വിനിയോഗം | തറ വിസ്തീർണ്ണം |
|---|---|
| ഡോർമിറ്ററി 1 (A2) | 266.20 ച.മീ |
| ഡോർമിറ്ററി 2 (A2) | 266.20 ച.മീ |
| കൾച്ചറൽ സെന്റർ (D) | 409.20 ച.മീ |
| വാണിജ്യം (F) | 147.24 ച.മീ |
| മൾട്ടി പർപ്പസ് റസിഡൻഷ്യൽ (A2) | 89.80 ച.മീ |
| ആകെ | 1178.64 ച.മീ |

വിഭാവിത നിർമ്മാണത്തിനുള്ള പ്ലാനിലും പെർമിറ്റിനുള്ള അപേക്ഷയിലും കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 1178.64 ച.മീ ആണ്. എന്നാൽ ഈ പ്ലാൻ അംഗീകരിച്ച് നൽകിയ പെർമിറ്റിൽ തറവിസ്തീർണ്ണം 1148.64 ച.മീ എന്നും കെട്ടിടത്തിന്റെ വിനിയോഗം റസിഡൻഷ്യൽ എന്ന മാത്രവുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അപാകതകൾ പരിഹരിക്കേണ്ടതാണ്.

2). പെർമിറ്റ് ഫീസ് കുറവായി ഈടാക്കി - ഗ്രാമപഞ്ചായത്തിന് 2447/- രൂപ നഷ്ടം.

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം കാറ്റഗറി 2 ഗ്രാമപഞ്ചായത്തുകളിൽ A1 വിനിയോഗം ഒഴികെയുള്ള വിനിയോഗത്തിലുള്ള കെട്ടിട നിർമ്മാണങ്ങൾക്ക് ച.മീറ്ററിന് 5 രൂപ പ്രകാരമാണ് പെർമിറ്റ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ ഈ കെട്ടിടത്തെ A1 കാറ്റഗറിയിൽ ഉൾപ്പെടുത്തി 3 രൂപ/ച.കി നിരക്കിലാണ് പെർമിറ്റ് ഫീസ് ഈടാക്കിയിട്ടുള്ളത്. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ഈടാക്കേണ്ട പെർമിറ്റ് ഫീസ് (1178.64 X 5) | 5893 |
| ഈടാക്കിയ പെർമിറ്റ് ഫീസ് (1148.64 X 3) | 3446 |
| കുറവ് | 2447 |

പെർമിറ്റ് ഫീസിനത്തിൽ വന്നിട്ടുള്ള നഷ്ടം ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-3 അർഹത ഉറപ്പുവരുത്താതെ നികുതി ഇളവ് നൽകി.

ജി.ഒ (എം.എസ് ) 358/ 2015 തസ്വഭവ 16-12-2015 പ്രകാരം 660 സ്ക്വയർ ഫീറ്റ് വരെ തറ വിസ്തീർണ്ണമുള്ള എല്ലാ വാസഗൃഹങ്ങളേയും 2015-16 സാമ്പത്തിക വർഷം മുതൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഈ ആനുകൂല്യം ഒരു കുടുംബത്തിലെ കുടുംബനാഥൻ/കുടുംബനാഥയുടെ പേരിലുള്ളതും സ്വന്തം താമസത്തിനായി ഉപയോഗിക്കുന്നതുമായ ഒരു വാസഗൃഹത്തിന് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ഒരു പഞ്ചവർഷ അസസ്മെന്റ് കാലയളവിലേക്ക് ഇപ്രകാരം നികുതി ഒഴിവ് നൽകുന്നതിന് ഉടമസ്ഥന്റെ സത്യവാങ്മൂലം കർശനമായും സെക്രട്ടറി വാങ്ങി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഉടമസ്ഥന്റെ സത്യവാങ്മൂലം വാങ്ങാതെ താഴെ പറയുന്ന കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചതായി കാണുന്നു.

| ക്രമ നം | കെട്ടിട ഉടമയുടെ പേര് | വാർഡ് / കെട്ടിട നമ്പർ | കെട്ടിടത്തിന്റെ തറവിസ്തീർണ്ണം (ച. മീ ) |
|---|---|---|---|
| 1 | സുനിൽകുമാർ, അമ്പാളി | IX/35A | 31.92 |
| 2 | വിജയ ഒണറാംകുന്നത്ത് | XIII/522A | 46.86 |
| 3 | ഫാത്തിമ പുളിക്കൽ | VII/68D | 30.09 |
| 4 | ചോയി മുതൽ പേർ, മച്ചിങ്ങൽ | VIII/379A | 58.99 |
| 5 | മോഹൻദാസ്, കുറ്റിപ്പിലാക്കൽ | IX/362B | 55.62 |
| 6 | ബിന്ദു ഇടപ്പാട്ടിൽ | I/440A | 55.10 |
| 7 | ഷീബ, ചാലിത്തൊടി | XIII/515B | 58.75 |
| 8 | മുജീബ് റഹ്മാൻ & ജൽസീന, പുളിക്കൽ | VII/68E | 29.58 |
| 9 | നദീറ ബീവി, പാറയിൽ | IX/281A | 49 |

അർഹതപ്പെട്ടവർക്കു തന്നെയാണോ നികുതിയിളവ് നൽകിയിട്ടുള്ളത് എന്ന് പരിശോധിച്ച് ഉറപ്പുവരുത്തി സത്യവാങ്മൂലം വാങ്ങി സൂക്ഷിക്കേണ്ടതും അർഹരല്ലാത്തവരിൽ നിന്ന് വസ്തുനികുതി ഈടാക്കേണ്ടതുമാണ്.

## 2-4 കെട്ടിടനിർമ്മാണം പൂർത്തിയാക്കി ക്രമവത്കരണത്തിന് അപേക്ഷിച്ച കെട്ടിടങ്ങൾക്ക് വസ്തുനികുതി ചുമത്തിയില്ല.

കെട്ടിടനിർമ്മാണം പൂർത്തിയാക്കി ക്രമവത്കരണത്തിന് അപേക്ഷിച്ച കെട്ടിടങ്ങൾക്ക് വസ്തുനികുതി ചുമത്തിയില്ല.

2016-17 സാമ്പത്തിക വർഷത്തിൽ കെട്ടിടനിർമ്മാണം പൂർത്തീകരിച്ച് കംപ്ലീഷൻ പ്ലാൻ സഹിതം കെട്ടിട നിർമ്മാണ ക്രമവത്കരണത്തിന് അപേക്ഷിച്ച താഴെ പറയുന്നവരുടെ കെട്ടിടങ്ങൾക്ക് വസ്തുനികുതി ചുമത്തി കെട്ടിടനമ്പർ അനുവദിച്ചതായി കാണുന്നില്ല.

| ക്രമ നമ്പർ | അപേക്ഷ നമ്പർ/തിയ്യതി | അപേക്ഷകന്റെ പേര് | തറവിസ്തീർണ്ണം (ച.മീ) | ക്രമവത്കരണ ഉത്തരവ് നമ്പർ / തിയ്യതി |
|---|---|---|---|---|
| 1 | 2554/16തി. 03.06.2016 | നൂർജഹാൻ.പി | 230.41 (വാസഗൃഹം) | A5-2554/16 തിയ്യതി: 03.06.2016 |
| 2 | 2240/16 തി. 30.04.2016 | മാത്യുകുട്ടി.ടി.എം | 56.21 (റാട്ടപ്പുര) | A5-2240/16 തിയ്യതി: 30.04.2016 |
| 3 | 2003/16 തി. 08.04.2016 | തോമസ് തോളത്തിൽ | 144.54 (വാസഗൃഹം) | A5-2240/16 തിയ്യതി: 30.04.2016 |

ഈ കെട്ടിടങ്ങൾക്ക് വസ്തുനികുതി ചുമത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.16/21.06.2017) മറുപടി ലഭ്യമാക്കിയിട്ടില്ല. അപേക്ഷ തിയ്യതി ഉൾപ്പെടുന്ന അർദ്ധവർഷം മുതലുള്ള വസ്തുനികുതി നിർണ്ണയിച്ച് ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-5 ബി.എസ്.എൻ.എല്ലിന്റെ സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല.

WP(C) No.16670/06 നമ്പർ കേസിന്റെ അന്തിമ വിധിയിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കുന്നതിൽ

നിന്നും BSNL സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന BSNL സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കേണ്ടതായിരുന്നു. എന്നാൽ 2016-17 വർഷത്തിൽ രണ്ട് അർദ്ധവർഷങ്ങളിലും നികുതി ഈടാക്കിയിട്ടില്ല. നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കിണർ ശുചീകരണം-ക്രമപ്രകാരമല്ലാതെ ചെലവ് ചെയ്തു.

2016-17 വർഷത്തിൽ വരൾച്ച നേരിടുന്ന പ്രദേശങ്ങളിലെ 29 പൊതു കിണറുകൾ ചെളി കോരി വൃത്തിയാക്കിയതിന് 105500 രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. 5/16, 6/16 മാസങ്ങളിലായി യഥാക്രമം 36000, 69500 എന്നിങ്ങനെ തുക ചെലവഴിച്ചു. 3500/4000 രൂപ നിരക്കിൽ പ്രവൃത്തി ചെയ്തുവെന്ന് പറയപ്പെടുന്ന രണ്ടു പേർക്ക് തുക അനുവദിക്കുകയാണ് ചെയ്തത്. രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1—തനത് ഫണ്ടിൽ നിന്നും യഥേഷ്ടം തുക ചെലവഴിക്കുന്നതിന് പ്രത്യേകമായ സർക്കാർ ഉത്തരവോ നിർദ്ദേശമോ ലഭിച്ചതായി കാണുന്നില്ല. പ്രത്യേകമായ പ്രൊജക്ട് രൂപീകരിച്ചിട്ടില്ല. പ്രവൃത്തികൾ ചെയ്യുന്നതിന് ജോലിക്കാരെ തെരഞ്ഞെടുത്തത് എങ്ങനെയെന്നതും വ്യക്തമല്ല.

2—Other Administration expenses (കണ്ടിൻജന്റ് ചെലവുകൾ) എന്ന അക്കൗണ്ട് ഹെഡ്ഡിലാണ് ചെലവുകൾ ചെയ്തിട്ടുള്ളത്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 156-ാം വകുപ്പ് 4(സി) ഉപവകുപ്പ് പ്രകാരമുള്ള ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടുമാരുടെ കണ്ടിൻജന്റ് ചെലവുകൾക്ക് സ.ഉ.(എം.എസ്) നം.271/2004/തസ്വഭവ 14.09.14 പ്രകാരം പരിധി നിശ്ചയിച്ചിട്ടുണ്ട്. ആയത് പ്രകാരം ഒറ്റത്തവണ 5000 രൂപയും ഒരു മാസം പരമാവധി 10000 രൂപയുമാണ് ചെലവഴിക്കാവുന്നത്. എന്നാൽ ഈ പരിധി പാലിക്കാതെയാണ് ചെലവ് ചെയ്തിട്ടുള്ളത്.

3—20/04/16 ലെ 2(6) തീരുമാന പ്രകാരം കിണറുകളുടെ ശുചീകരണ പ്രവൃത്തികൾ നടത്തുന്നതിന് നിർവ്വഹണോദ്യോഗസ്ഥനായി അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തി തീരുമാനമെടുത്തതായി കാണുന്നു. എസ്റ്റിമേറ്റിന്റെയും വാല്വേഷന്റെയും അടിസ്ഥാനത്തിൽ തനത് ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനാണ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയത്. എന്നാൽ എസ്റ്റിമേറ്റ് ഉണ്ടാക്കിയിട്ടില്ല. അസി.എഞ്ചിനീയറുടെ വാല്വേഷന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ചു.

മേൽപ്പറഞ്ഞ വിധം ചെലവ് ചെയ്യാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/21.06.16) മറുപടി ലഭ്യമാക്കിയിട്ടില്ല.

### 3-2 വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല—തുക തടസ്സം ചെയ്യുന്നു.

2016-17 വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലേക്ക് വിവിധ ആവശ്യങ്ങൾക്കായി തുക നൽകിയിട്ടുണ്ട്. എന്നാൽ സ്ഥാപനങ്ങളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ബിൽ/വൗച്ചർ നം./തീയതി | തുക | സ്ഥാപനം |
|---|---|---|
| 21600803/01.03.17 | 200000 | സാമൂഹ്യ സുരക്ഷാ മിഷൻ |
| 21600731/08.02.17 | 100000 | ABC-പ്രോഗ്രാം-ജില്ലാ മൃഗസംരക്ഷണ ഓഫീസ് മലപ്പുറം |
| 21600764/16.02.17 | 300000 | DPC കോംപ്ലക്സ് വിഹിതം |
| ആകെ | 600000 | |

ഈ സ്ഥാപനങ്ങളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ചെലവു തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-3 ലൈബ്രറി സെസ്സ് അടവാക്കുന്നതിൽ കാലതാമസം

വൗച്ചർ നം.21600788/22.2.17---96668

ലൈബ്രറി സെസ്സ്--2015-16 രണ്ടാം അർദ്ധ വർഷം--41592

ലൈബ്രറി സെസ്സ്--2016-17 ഒന്നാം അർദ്ധ വർഷം--55076

സർക്കുലർ നം.10088/എൽ3/05/തസ്വഭവ.തീ.20.09.2005 പ്രകാരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക രണ്ടു ഗഡുക്കളായി ലൈബ്രറി കൗൺസിലിന് അടയ്ക്കണം. ആദ്യ ഗഡു ഏപ്രിൽ 30നകവും രണ്ടാമത്തെ ഗഡു നവംബർ 30നകവും അടക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തിയാൽ അത് തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽപ്പറഞ്ഞ പ്രകാരം സെസ്സ് അടവാക്കിയതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. സർക്കാർ നിർദ്ദേശം പാലിച്ച് ലൈബ്രറി സെസ്സ് അടവാക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കേണ്ടതാണ്.

## 3-4 ക്രമപ്രകാരമല്ലാതെ പഞ്ചായത്ത് വാഹനത്തിന്റെ ടയർ മാറ്റിയത്

വൗച്ചർ നം.21600546/14.11.16---25520

പഞ്ചായത്ത് വാഹനത്തിന്റെ 4 ടയറുകൾ M/s Infour Wheel Care & Tyres, നിലമ്പൂർ എന്ന സ്ഥാപനത്തിൽ നിന്നും മാറ്റിയതിന് തുകയായി മേൽപ്പറഞ്ഞ പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ ടയറുകൾ മാറ്റുന്നതിന് പി.ഡബ്ലിയു.ഡി മെക്കാനിക്കൽ എഞ്ചിനീയറുടെ എസ്സൻഷ്യാലിറ്റി സാക്ഷ്യപത്രം ലഭ്യമാക്കിയതായി കാണുന്നില്ല. ചെലവു തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-5 മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതിൽവീഴ്ച

ഗ്രാമപഞ്ചായത്തിൽ 2016-17 വർഷത്തിൽ മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതിൽ വീഴ്ചയുണ്ടായതായി കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു. അംഗീകാരം ലഭിച്ച പ്രൊജക്ടുകളിൽ വളരെ കുറച്ചു മാത്രമാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. ഭൂരിഭാഗവും ഉപേക്ഷിച്ചതായാണ് കാണുന്നത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

<u>പ്രൊജക്ട് നടപ്പിലാക്കിയതിന്റെ വിശദാംശം</u>

ആകെ അംഗീകരിച്ച പ്രൊജക്ടുകൾ: 91

ആകെ നടപ്പിലാക്കിയ പ്രൊജക്ടുകൾ: 35 (38%)

നടപ്പിലാക്കാത്ത പ്രൊജക്ടുകൾ: 56

<u>തുക ചെലവഴിച്ചതിന്റെ വിശദാംശം</u>

ആകെ അടങ്കൽ: 2 5411712 രൂപ

ആകെ ചെലവ്: 8264371 രൂപ (32%)

ഭൂരിഭാഗം പ്രവൃത്തികളും നടപ്പിലാക്കാത്തത് വഴി ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്ക് ലഭ്യമാകേണ്ടിയിരുന്ന സേവനങ്ങളും ഭൗതിക സൗകര്യങ്ങളും നഷ്ടമായി എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതികൾ യഥാസമയം നടപ്പിലാക്കാത്തത് വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു. ഇക്കാര്യം ഗൗരവപൂർവ്വം കാണേണ്ടതും തുടർ വർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-6 കിളച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരമില്ല

താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തികളിൽ മണ്ണ് കിളച്ചെടുക്കുകയും കിളച്ചെടുത്ത മണ്ണ് ഒഴിവാക്കുന്നത് (Disposal) അടക്കമുള്ള പ്രവൃത്തികൾക്ക് തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ മണ്ണ് വിനിയോഗിച്ചതിന്റെ വിവരം ലഭ്യമല്ല. അളവു പുസ്തകത്തിൽ ഇക്കാര്യം രേഖപ്പെടുത്തിയിട്ടുമില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| പ്രവൃത്തിയുടെ വിശദവിവരം | കിളച്ചെടുത്ത മണ്ണിന്റെ അളവ് | ബിൽ നം/തീ |
|---|---|---|
| പ്രൊജക്ട് നം.115/16<br>നായാടംപൊയിൽ കോളനി – പൊട്ടൻപാറ റോഡ്<br>കൺവീനർ-ബിജു.സി.സി.<br>അളവു പുസ്തകം--241/15-16 | 204.9 എം3 | 1/16-17/23.09.11--450000 |
| പ്രൊജക്ട് നം.33/16<br>ചെട്ടിയാംപാറ-മൈലമ്പാറ റോഡ് നവീകരണം<br>കൺവീനർ-കെ.കെ.കുഞ്ഞീതു<br>അളവു പുസ്തകം--236/16 | 156.25 എം3 | 2/16-17<br>/23.09.16---300000 |

കിളച്ചെടുത്ത മണ്ണ് അതേ പ്രവൃത്തികളിൽ തന്നെ ഉപയോഗിച്ചിട്ടുണ്ടെന്നും അളവു പുസ്തകത്തിൽ രേഖപ്പെടുത്താൻ വിട്ടു പോയതാണെന്നും ഓഡിറ്റ് എൻക്വയറി (13/21.06.17) ക്ക് മറുപടി നൽകിയിട്ടുണ്ട്. ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 3-7 മുഴുവൻ മരുന്നുകളും ലഭ്യമായതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

1)പ്രോജക്റ്റ് നം.39/2017

പി എച്ച് സിയിലേക്ക് മരുന്നുവാങ്ങൽ പദ്ധതി

വിനിയോഗിച്ച തുക -3,70,000 രൂപ (M G(N R))

ബിൽ നം.4/16-17 തി.11.01.2017

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, പി എച്ച് സി ചാലിയാർ

2)പ്രോജക്റ്റ് നം.38/2017

ആരോഗ്യ പരിരക്ഷാ പദ്ധതി

വിനിയോഗിച്ച തുക – 73,557 രൂപ (മരുന്നുകൾ ലഭ്യമാക്കുന്നതിനായി മാത്രം)

ബിൽ നം.5/16-17 തി.11.01.2017 തുക – 1,60,170 രൂപ

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, പി എച്ച് സി ചാലിയാർ

മേൽ പദ്ധതി നം.39/2017 പ്രകാരം 3,70,000 രൂപ മരുന്നുകൾ ലഭ്യമാക്കുന്നതിനായി കെ എം എസ് സി എൽ തിരുവനന്തപുരത്തിന് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ 2,38,910 രൂപക്കുള്ള മരുന്നുകൾ ലഭ്യമാക്കിയതിന്റെ വിവരം മാത്രമാണ് ഓഡിറ്റിന് ലഭ്യമാക്കിയത്. അവശേഷിച്ച 1,31,090 രൂപക്കുള്ള മരുന്നുകൾ കൂടി ലഭ്യമായതിന്റെ സ്റ്റോക്ക് ഇഷ്യൂ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

മേൽ പദ്ധതി നം.38/2017 പ്രകാരം ആരോഗ്യ പരിരക്ഷാ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള രോഗികൾക്ക് മരുന്നുകൾ വാങ്ങുന്നതിനായി 73,557 രൂപ കെ എം എസ് സി എൽ തിരുവനന്തപുരത്തിന് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ 40,414 രൂപക്കുള്ള മരുന്നുകൾ ലഭ്യമാക്കിയതിന്റെ വിവരം മാത്രമാണ് ഓഡിറ്റിന് ലഭ്യമാക്കിയത്. അവശേഷിച്ച 33,143 രൂപക്കുള്ള മരുന്നുകൾ കൂടി ലഭ്യമായതിന്റെ സ്റ്റോക്ക് ഇഷ്യൂ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

മരുന്നുകൾ ലഭിക്കുവാൻ അവശേഷിക്കുന്ന തുക 1,64,233 രൂപ (1,31,090 + 33,143)

## 3-8 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി--മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

2016-17 വർഷത്തിൽ 228 പ്രൊജക്ടുകളിലായി 21644319 രൂപ ചെലവഴിച്ചിട്ടുണ്ട്. 2016-17 വർഷത്തേക്കുള്ള തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച് കേന്ദ്ര സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം ഏറ്റെടുക്കാവുന്ന പ്രവൃത്തിയിനങ്ങളും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശം പൂർണ്ണമായി പാലിക്കാതെ പ്രവൃത്തികൾ ചെയ്തതായി കാണുന്നു. മുൻവർഷങ്ങളിൽ ചെയ്തു വന്നിരുന്ന തൊഴിലാളികളുടെ ഭൂമിയിൽ കാർഷിക പ്രവർത്തനങ്ങൾ (തെങ്ങ്, റബ്ബർ എന്നിവയ്ക്ക് തടം തുറക്കൽ, മറ്റു പ്രവൃത്തികൾ തുടങ്ങിയവ) ഈ വർഷവും ചെയ്തിട്ടുണ്ട്. 64 പ്രവൃത്തികൾ ഇപ്രകാരം ചെയ്തിട്ടുണ്ട്. പ്രകൃതി വിഭവങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ നാമമാത്രമായേ ചെയ്തിട്ടുള്ളൂ. കനാലുകളുടെയും തോടുകളുടെയും പരിപാലനവും പുനരുദ്ധാരണവും വകുപ്പുമായി കൂടിയാലോചിച്ച് ചെയ്യണമെന്ന നിർദ്ദേശം പാലിച്ചു കാണുന്നില്ല. തോടുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്തിട്ടുണ്ടെങ്കിലും വകുപ്പുമായി ബന്ധപ്പെട്ടതായി കാണുന്നില്ല. 03.11.16 മുതൽ 31.03.17 വരെ നടന്ന 162 പ്രവൃത്തികൾക്ക് തൊഴിലാളികൾക്ക് കൂലി (9181117രൂപ) ഓഡിറ്റ് തീയതി വരെ ലഭിച്ചിട്ടില്ല. ഫണ്ട് ലഭ്യമല്ലാത്തതിനാലാണ് കൂലി നൽകാൻ കഴിയാത്തതെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഓഡിറ്റിനെ അറിയിച്ചു. തൊഴിലാളികൾക്ക് കൂലി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് പ്രവർത്തനങ്ങൾ നിർവ്വഹിക്കേണ്ടതുമാണ്.

## 3-9 ആയുർവേദം - മരുന്നുകൾ ലഭ്യമായതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

1)പ്രോജക്റ്റ് നം.39/2017

വയോമിത്രം പദ്ധതി

വിനിയോഗിച്ച തുക -3,00,000 രൂപ (പ്ലാൻ)

ബിൽ നം.2/16-17 തി.14.02.2017

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, ആയുർവേദം

പദ്ധതി പ്രകാരം 3,00,000 രൂപ മരുന്നുകൾ ലഭ്യമാക്കുന്നതിനായി ഔഷധിക്ക് നൽകിയിട്ടുണ്ട്. എന്നാൽ 1,44,427രൂപക്കുള്ള മരുന്നുകൾ ലഭ്യമാക്കിയതിന്റെ വിവരം മാത്രമാണ് ഓഡിറ്റിന് ലഭ്യമാക്കിയത്. അവശേഷിച്ച 1,55,573 രൂപക്കുള്ള മരുന്നുകൾ കൂടി ലഭ്യമായതിന്റെ സ്റ്റോക്ക് ഇഷ്യു വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

മരുന്ന് ലഭ്യമാക്കാൻ അവശേഷിക്കുന്ന തുക 1,55,573/- രൂപ തടസ്സം ചെയ്യുന്നു.

## 3-10 ഹോമിയോ-മുഴുവൻ മരുന്നുകളുംലഭ്യമായില്ല

പ്രോജക്റ്റ് നം.37/2017

ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ പദ്ധതി

വിനിയോഗിച്ച തുക -1,20,000 രൂപ (പ്ലാൻ)

ബിൽ നം.1/16-17 തി.16.12.2016

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, ഹോമിയോ

പദ്ധതി പ്രകാരം 1,20,000 രൂപ മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ.ഓപ്പറേറ്റീവ് സോസൈറ്റി, ആലപ്പുഴക്ക് നൽകിയിട്ടുണ്ട്. എന്നാൽ 69,720 രൂപക്കുള്ള മരുന്നുകൾ ലഭ്യമാക്കിയതിന്റെ വിവരം മാത്രമാണ് ഓഡിറ്റിന് ലഭ്യമാക്കിയത്. അവശേഷിച്ച 50,280 രൂപക്കുള്ള മരുന്നുകൾ കൂടി ലഭ്യമായതിന്റെ സ്റ്റോക്ക് ഇഷ്യു വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.
മരുന്ന് ലഭ്യമാക്കാൻ അവശേഷിക്കുന്ന തുക 50,280 ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-11 പൊതു സ്ഥലങ്ങൾ മലമൂത്ര വിസർജ്ജന മുക്തമാക്കാനുള്ള പദ്ധതി(ഒ ഡി

**എഫ്) -തുക ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.**

സ.ഉ (സാധാ) നം. 1773/2016/ തസ്വഭവ തി. 27.05.2016 പ്രകാരം സ്വച്ഛ്ഭാരത് മിഷൻ വിഹിതം 12,000 രൂപയും, ഗ്രാമപഞ്ചായത്ത് വിഹിതം 3,400 രൂപയും ഉൾക്കൊള്ളിച്ച് ഒരു യൂനിറ്റിന് 15,400 രൂപ വെച്ച് കക്കൂസ് നിർമ്മാണത്തിനായി അനുവദിക്കുന്നതിനും, സ്വച്ഛ്ഭാരത് മിഷൻ വിഹിതം ലഭ്യമാകാൻ വൈകുന്ന പക്ഷം പ്ലാൻ ഫണ്ടിൽ നിന്നോ, തനത്ഫണ്ടിൽ നിന്നോ തുക താൽക്കാലികമായി വകയിരുത്തുവാനും, സ്വച്ഛ്ഭാരത് മിഷൻ വിഹിതം ലഭ്യമാകുന്നപക്ഷം തുക തിരികെ വരവ് വെക്കുവാനും നിർദ്ദേശിച്ചിരുന്നു. അതിൻപ്രകാരം, 2016-17 വർഷത്തിൽ താഴെ പറയുന്ന പ്രോജക്ടുകളിലായി പ്ലാൻ ഫണ്ടിൽ നിന്നും തുക വകയിരുത്തി പദ്ധതി നിർവ്വഹണം നടത്തിയിട്ടുണ്ട്.

1)പ്രോജക്റ്റ് നം. 49/17

പട്ടികവർഗ്ഗ വിഭാഗത്തിന് ശോചനാലയം

വിനിയോഗിച്ച തുക – 17,55,600രൂപ

നിർവ്വഹണം - അസി. സെക്രട്ടറി

പദ്ധതി പ്രകാരം 114 പേർക്ക് 15,400 രൂപ വീതം കക്കൂസിനായി നൽകി

2)പ്രോജക്റ്റ് നം. 47/17

പട്ടികജാതി വിഭാഗത്തിന് ശോചനാലയം

വിനിയോഗിച്ച തുക – 1,23,200 രൂപ

നിർവ്വഹണം - അസി. സെക്രട്ടറി

പദ്ധതി പ്രകാരം 8 പേർക്ക് 15,400 രൂപ വീതം കക്കൂസിനായി നൽകി

3)പ്രോജക്റ്റ് നം. 50/17

ജനറൽ വിഭാഗത്തിന് ശോചനാലയം

വിനിയോഗിച്ച തുക – 9,24,000

(ബിൽ നം. 1/16-17/1.09.16 – 3,19,400രൂപ

ബിൽ നം. 2/16-17/28.09.16 – 3,87,400രൂപ

ബിൽ നം. 3/16-17/02.11.16 – 2,17,200രൂപ)

നിർവ്വഹണം - വി ഇ ഒ

പദ്ധതി പ്രകാരം 60 പേർക്ക് 15,400 രൂപ വീതം കക്കൂസിനായി നൽകി

പദ്ധതിക്കായി ശുചിത്വമിഷനിൽ നിന്നും ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ട 21,84,000 രൂപയിൽ (182*12000) നാളിതുവരെ ലഭ്യമായത് 15,60,000 രൂപയാണ്. അവശേഷിച്ച 6,24,000 രൂപ ലഭ്യമായതിന്റെയും പ്ലാൻഫണ്ടിലേക്ക് തിരികെ വരവ് വെച്ചതിന്റെയും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-12 ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല.

ചാലിയാർ ഗ്രാമപഞ്ചായത്തിൽ വി ഇ ഒ നിർവ്വഹണം നടത്തിയ താഴെ പറയുന്ന സ്പിൽ ഓവർ ഭവന നിർമ്മാണ പദ്ധതിയിലെ ഗുണഭോക്താക്കൾ നാളിതുവരെയും ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല.

| ക്രമ നം. | ഭവനനിർമ്മാണ പദ്ധതിയുടെ പേര് | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ഭവന നിർമ്മാണം (വനിത)പദ്ധതി<br>(പ്രോജക്ട് നം.12/17, സ്പിൽ ഓവർ) | സിന്ധു കാരാട്ടുതൊടിക പെരുമ്പത്തൂർ,<br>എരുമമുണ്ട (പി ഒ) | 1,40,000 രൂപ<br>i)ബിൽ നം.5/15-16/04.12.2015- 20,000രൂപ<br>ii)ബിൽ നം.140/15-16 /22.12.2015- 60,000രൂപ<br>iii)ബിൽ നം.245/15-16 /31.03.2016- 60,000രൂപ |
| 2 | വീടുനിർമ്മാണം (വനിത)പദ്ധതി<br>(പ്രോജക്ട് നം.10/17,സ്പിൽ ഓവർ) | മറിയുമ്മ കുമ്പളകുഴിയിൽ ഇടിവണ്ണ (പി ഒ), നാലുസെന്റ് കോളനി | 1,80,000 രൂപ<br>i)ബിൽ നം.10/14-15/01.12.2014- 20,000രൂപ<br>ii)ബിൽ നം.13/14-15/01.01.2015- 60,000രൂപ<br>iii)ബിൽ നം.20/14-15 /16.02.2015- 60,000രൂപ<br>iv)ബിൽ നം.35/14-15/16-02-15 40,000രൂപ |

അടിയന്തിരമായി ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത പക്ഷം കൈപ്പറ്റിയ തുക പലിശ സഹിതം തിരികെ ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-13 കാർഷിക പ്രവർത്തനങ്ങൾ--മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിയില്ല.

ജി.ഒ(എം.എസ്)4/2016 തസ്വഭവ 11.01.16 പദ്ധതി മാർഗ്ഗരേഖ പ്രകാരം, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ എല്ലാ സാധ്യതകളും പരിഗണിച്ച് കൊണ്ടായിരിക്കണം കാർഷിക മേഖലയുടെ സമഗ്ര പരിപാടികൾക്ക് രൂപം നൽകേണ്ടത് എന്ന് നിഷ്കർഷിക്കുന്നുണ്ട്. നടീൽ, കൊയ്ത്ത്, വിളവെടുപ്പ് തുടങ്ങിയവ ഒഴികെയുള്ള പ്രവർത്തനങ്ങൾക്കെല്ലാം തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണമെന്ന് ഇതേ നമ്പർ സബ്സിഡി മാർഗ്ഗരേഖയിലും പറയുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ 2016-17 വർഷത്തിൽ കൃഷി ഓഫീസർ നടപ്പിലാക്കിയ പ്രൊജക്ടുകളിലൊന്നും ഈ മാർഗ്ഗനിർദ്ദേശം പാലിച്ചതായി കാണുന്നില്ല. ഉദാഹരണമായി സമഗ്ര നെൽകൃഷി വികസനം, പച്ചക്കറി വികസനം എന്നിങ്ങനെ 2 പ്രോജക്ടുകൾ കൃഷി ഓഫീസർ നിർവ്വഹണം നടത്തിയതിൽ, കാർഷിക പ്രവർത്തനങ്ങൾക്ക് കൂലിച്ചെലവായി യഥാക്രമം 1,50,000 രൂപ, 40,400 രൂപ എന്നിങ്ങനെ ഗ്രാമ പഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. ഇതിനു പുറമേ ഗുണഭോക്താക്കൾ നേരിട്ടു ചെലവഴിക്കുന്ന തുകയും വരുന്നുണ്ട്. മേൽപ്പറഞ്ഞ സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ചിരുന്നെങ്കിൽ കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും കർഷകരുടെ ചെലവ്

പരമാവധി കുറക്കുന്നതിനും സാധിക്കുമായിരുന്നു. 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഇക്കാര്യം പരാമർശിച്ചതാണെങ്കിലും ആയത് പ്രായോഗികമാക്കിയില്ല. ഭാവിയിൽ പ്രൊജക്ടുകൾ തയ്യാറാക്കുമ്പോൾ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

## 3-14 ഹെഡ്മിസ്ട്രസ് നടപ്പിലാക്കിയ പദ്ധതികൾ - അപാകതകൾ

ചാലിയാർ ഗ്രാമപഞ്ചായത്തിൽ 2016-17 വർഷത്തിൽ ഹെഡ്മിസ്ട്രസ്, ജി എൽ പി എസ് ഇടിവണ്ണ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ വിവിധ പദ്ധതികൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി .

1)പ്രോജക്റ്റ് നം. 47/17

പ്രൈമറി സ്കൂളുകൾക്ക് ഫർണ്ണീച്ചർ പദ്ധതി

വിനിയോഗിച്ച തുക – 97,356 രൂപ

ബിൽ നം. 6/16-17/10.02.2017

പദ്ധതി പ്രകാരം നിലമ്പൂർ ഫർണ്ണീച്ചർ & ഇ-വേൾഡ് എന്ന സ്ഥാപനത്തിൽ നിന്ന് ക്വട്ടേഷൻ മുഖേന 244 ഫൈബർ ചെയർ വാങ്ങി താഴെ പറയുന്ന സ്കൂളുകൾക്ക് ചെയറുകൾ നൽകിയതായി കാണുന്നു.

i)ജി എൽ പി എസ്, കോണമുണ്ട – 34 എണ്ണം

ii)ജി എൽ പി എസ്, പെരുമ്പത്തൂർ - 34 എണ്ണം

iii)ജി യു പി എസ്, എരഞ്ഞിമങ്ങാട് - 34 എണ്ണം

iv)ജി യു പി എസ്, മൈലാടി, എരഞ്ഞിമങ്ങാട് - 34 എണ്ണം

v)ഗവ.ട്രൈബൽ എൽ പി എസ്, വാളാന്തോട് -34 എണ്ണം

vi)സെന്റ് തോമസ് എ യു പി എസ്, ഇടിവണ്ണ -34 എണ്ണം

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ആകെ 204 എണ്ണം വിതരണം ചെയ്തതിന്റെ വിവരം മാത്രമാണ് ഓഡിറ്റിന് ലഭ്യമാക്കിയത്. ശേഷിച്ച 40 ഫൈബർ ചെയർ വിതരണം ചെയ്തതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കിയില്ല. മുഴുവൻ ചെയറുകളും വിതരണം നടത്തിയതായി നിർവ്വഹണ ഉദ്യോഗസ്ഥ ഓഡിറ്റ് വേളയിൽ വ്യക്തമാക്കി. എന്നാൽ ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ വിതരണം ചെയ്തതായി രേഖകൾ ലഭ്യമാക്കാത്ത 40 ചെയറുകളുടെ വില 15960/- രൂപ (97356/244 x 40) അംഗീകരിക്കുന്നില്ല.

2)സബ്സിഡി മാർഗ്ഗരേഖ ജി.ഒ (എം.എസ്)നം.4/2016/തസ്വഭവ തി.11.01.2016 പ്രകാരം സർക്കാർ സ്കൂളുകളിൽ യൂറിനലുകളും ടോയ്‌ലറ്റുകളും കുടിവെള്ള സൗകര്യങ്ങളും നടപ്പിലാക്കിയതിന് ശേഷം എയ്ഡഡ് പ്രൈമറി സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനാണ് നിർദ്ദേശമുള്ളത്.
എന്നാൽ പദ്ധതി പ്രകാരം സെന്റ് തോമസ് എ.യു.പി സ്കൂൾ ഇടിവണ്ണയ്ക്കാണ് 34 എണ്ണം ഫൈബർ ചെയറുകൾ വാങ്ങി വിതരണം നടത്തിയിട്ടുള്ളത്. ആയതിന് സർക്കാർ നിർദ്ദേശമില്ലാത്തതിനാൽ നടപടി ക്രമപ്രകാരമല്ല. ഗ്രാമസഭ നടക്കുനന സ്കൂളായതിനാൽ ഗ്രാമസഭാ ആവശ്യത്തിനാണ് അപ്രാകം നൽകിയത് എന്ന നിർവ്വഹണ ഉദ്യോഗസ്ഥയുടെ വാക്കാലുള്ള മറുപടി സ്വീകാര്യമല്ല.
പ്രസ്തുത ചെയറുകൾ ഗ്രാമപഞ്ചായത്തിലേക്ക് തിരികെ ഏൽപ്പിക്കുകയോ, ഫൈബർ ചെയറുകളുടെ തുക പ്രസ്തുത എയ്ഡഡ് സ്കൂളിൽ നിന്നും ഈടാക്കുകയോ ചെയ്യാത്ത പക്ഷം ഫൈബർ ചെയർ വാങ്ങാൻ ചെലവഴിച്ച തുക നിർവഹണ ഉദ്യോഗസ്ഥയുടെ വ്യക്തിപരമായ ബാധ്യതയായിരിക്കുന്നതാണ്. ചെലവു തുക 13,566/- രൂപ (97356/244 x 34) രൂപ
താൽക്കാലികമായി തടസ്സം ചെയ്യുന്നു.

2)പ്രോജക്റ്റ് നം. 168/17

പട്ടിക ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ട 8,9,10 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകൽ പദ്ധതി

വിനിയോഗിച്ച തുക – 1,42,140 രൂപ

ചെക്ക് നം. 1753486/25.03.17 – തനത് ഫണ്ട്

പദ്ധതി പ്രകാരം 37 സൈക്കിളുകൾ ക്വട്ടേഷൻ മുഖേന, സഫാരി സൈക്കിൾസ് മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി പട്ടിക ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ട 8,9,10 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകുകയാണ് ചെയ്തിട്ടുള്ളത്.

അപാകതകൾ

i)ആകെ 32 എണ്ണം വിതരണം ചെയ്തതിന്റെ വിവരം മാത്രമാണ് ഓഡിറ്റിന് ലഭ്യമാക്കിയത്. ശേഷിച്ച 5 സൈക്കിളുകൾ വിതരണം ചെയ്തതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. മുഴുവൻ സൈക്കിളുകളും വിതരണം നടത്തിയതായി നിർവഹണ ഉദ്യോഗസ്ഥ ഓഡിറ്റ് വേളയിൽ അറിയിച്ചു. എന്നാൽ ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നതുവരെ 5 സൈക്കിളുകളുടെ വില 19,210/- രൂപ (142140/37 x 5) തടസ്സം ചെയ്യുന്നു.

ii)സ ഉ (എം എസ് ) നം. 4/ 2016/ തസ്വഭവ തി. 11.01.2016 പ്രകാരം പട്ടികവർഗ്ഗ വകുപ്പ് മുഖേന പ്രസ്തുത ആനുകൂല്യം കൈപ്പറ്റിയിട്ടുള്ള വിദ്യാർത്ഥികൾ വീണ്ടും ഇതേ ആനുകൂല്യത്തിന് അർഹരല്ലാത്തതിനാൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന പ്രസ്തുത ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്നതു സംബന്ധിച്ച് രേഖ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

3)പ്രോജക്റ്റ് നം. 162/17

പട്ടികജാതി വിഭാഗത്തിൽപ്പെട്ട 8,9,10 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകൽ പദ്ധതി

വിനിയോഗിച്ച തുക – 2,47,422 രൂപ

ബിൽ നം. 17/16-17/25.03.2017

പദ്ധതി പ്രകാരം 67 സൈക്കിളുകൾ ക്വട്ടേഷൻ മുഖേന, സഫാരി സൈക്കിൾസ്, മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി പട്ടികജാതി വിഭാഗത്തിൽപ്പെട്ട 8,9,10 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകുകയാണ് ചെയ്തിട്ടുള്ളത്.

അപാകതകൾ

i)സ ഉ (എം എസ് ) നം. 4/ 2016/ തസ്വഭവ തി. 11.01.2016 പ്രകാരം പട്ടികജാതി വികസന വകുപ്പ് മുഖേന പ്രസ്തുത ആനുകൂല്യം കൈപ്പറ്റിയിട്ടുള്ള വിദ്യാർത്ഥികൾ വീണ്ടും ഇതേ ആനുകൂല്യത്തിന് അർഹരല്ലാത്തതിനാൽ പട്ടികജാതി വകുപ്പ് മുഖേന പ്രസ്തുത ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്നതു സംബന്ധിച്ച് രേഖ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

4)പ്രോജക്റ്റ് നം. 48/17

സമഗ്ര വിദ്യാഭ്യാസപദ്ധതി (എസ് സി പി )

വിനിയോഗിച്ച തുക – 3,33,649 രൂപ

ബിൽ നം. 14/16-17/20.03.2017 – 50,000 രൂപ (സ്കോളർഷിപ്പ്)

ബിൽ നം. 11/16-17/13.03.2017 - 2,83,649 രൂപ

പദ്ധതി പ്രകാരം പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, ഗ്രാമപഞ്ചായത്തിനു കീഴിലെ

സ്കൂളുകളിലെ കുട്ടികൾക്ക് (സ്കൂളുകളുടെ പേരുവിവരം ചുവടെ ചേർത്തിട്ടുണ്ട്) സ്റ്റീൽ ടേബിൾ, പ്ലാസ്റ്റിക് ചെയർ എന്നിവയാണ് ചെയ്തിട്ടുള്ളത്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

പദ്ധതി പ്രകാരം ക്വട്ടേഷൻ മുഖേന (ബിൽ നം. 11/16-17/13.03.2017 - 2,83,649 രൂപക്ക്)

കേരള ആർട്ടിസാൻ ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നും വാങ്ങിയ 78 സ്റ്റീൽ ടേബിൾ, 78 പ്ലാസ്റ്റിക് ചെയർ എന്നിവ താഴെ പറയുന്ന സ്കൂളുകൾക്ക് നൽകിയിട്ടുണ്ട്
i)ജി യു പി എസ്, എരഞ്ഞിമങ്ങാട് - 33 എണ്ണം വീതം

ii)ജി യു പി എസ്, മൈലാടി -12 എണ്ണം വീതം

iii)സെന്റ് മേരീസ് എ.യു പി എസ്, കക്കാടംപൊയിൽ - 3 എണ്ണം വീതം

iv)സെന്റ് തോമസ് എ യു പി എസ്, ഇടിവണ്ണ -30 എണ്ണം വീതം

അപാകതകൾ

i)സ ഉ (എം എസ് ) നം. 4/ 2016/ തസ്വഭവ തി. 11.01.2016 പ്രകാരം പട്ടികജാതി വികസന വകുപ്പ് മുഖേന പ്രസ്തുത ആനുകൂല്യം കൈപ്പറ്റിയിട്ടുള്ള വിദ്യാർത്ഥികൾ വീണ്ടും ഇതേ ആനുകൂല്യത്തിന് അർഹരല്ലാത്തതിനാൽ പട്ടികജാതി വികസന വകുപ്പ് മുഖേന പ്രസ്തുത ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്നതു സംബന്ധിച്ച് രേഖ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

ii)സെന്റ് മേരീസ് യു പി എസ്, കക്കാടംപൊയിൽ 3 എണ്ണം വീതം സ്റ്റീൽ ടേബിൾ, പ്ലാസ്റ്റിക് ചെയർ എന്നിവ നൽകിയിട്ടുണ്ടെങ്കിലും വിദ്യാർത്ഥികൾ കൈപ്പറ്റിയ വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയത് വിദ്യാർത്ഥികളിൽ നിന്നും ലഭ്യമാക്കിയിട്ടുള്ളതായി നിർവഹണ ഉദ്യോഗസ്ഥ ഓഡിറ്റ് വേളയിൽ വാക്കാൽ അറിയിച്ചുവെങ്കിലും വിവരം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 3 എണ്ണം വീതം ടേബിൾ, ചെയർ എന്നിവയുടെ വില 10,910/- രൂപ (283649/78 x 3)തടസ്സം ചെയ്യുന്നു.

5)പ്രോജക്റ്റ് നം. 51/17

സമഗ്ര വിദ്യാഭ്യാസ പദ്ധതി (ടി എസ് പി )

വികസന ഫണ്ട് (ടി.എസ്.പി) – 2,99,922 രൂപ

ബിൽ നം. 12/16-17/13.03.17 – 2,90,922 രൂപ (ഫർണിച്ചർ)
ബിൽ നം. 13/16-17/17.03.17 – 9,000 രൂപ
ചെക്ക് നം. 1753482/16.03.2017- 28,000 രൂപ (തനതു ഫണ്ട്)

പദ്ധതി പ്രകാരം പട്ടികവർഗ്ഗവിഭാഗത്തിൽ ഉൾപ്പെട്ട ഗ്രാമപഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് പഠനവീട്, സ്കോളർഷിപ്പ്, ഗ്രാമപഞ്ചായത്തിനു കീഴിലെ സ്കൂളുകളിലെ കുട്ടികൾക്ക് (സ്കൂളുകളുടെ പേരുവിവരം ചുവടെ ചേർത്തിട്ടുണ്ട്) സ്റ്റീൽ ടേബിൾ, പ്ലാസ്റ്റിക് ചെയർ എന്നിവയാണ് ചെയ്തിട്ടുള്ളത്.

പദ്ധതി പ്രകാരം ക്വട്ടേഷൻ മുഖേന കേരള ആർട്ടിസാൻ ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നും വാങ്ങിയ 80 സ്റ്റീൽ ടേബിൾ , 80 പ്ലാസ്റ്റിക് ചെയർ എന്നിവ താഴെ പറയുന്ന സ്കൂളുകൾക്ക് നൽകിയിട്ടുണ്ട്

i)ജി യു പി എസ് , എരഞ്ഞിമങ്ങാട് - 18 എണ്ണം വീതം

ii)ജി യു പി എസ് ,മൈലാടി -4 എണ്ണം വീതം

iii)സെന്റ് മേരീസ് യു പി എസ് ,കക്കാടംപൊയിൽ - 5 എണ്ണം വീതം

iv)സെന്റ് തോമസ് എ യു പി എസ് ,ഇടിവണ്ണ -53 എണ്ണം വീതം

അപാകതകൾ

i)സ ഉ (എം എസ്) നം. 4/ 2016/ തസ്വഭവ തി. 11.01.2016 പ്രകാരം പട്ടികവർഗ്ഗ വകുപ്പ് മുഖേന പ്രസ്തുത

ആനുകൂല്യം കൈപ്പറ്റിയിട്ടുള്ള വിദ്യാർത്ഥികൾ വീണ്ടും ഇതേ ആനുകൂല്യത്തിന് അർഹരല്ലാത്തതിനാൽ പട്ടികവർഗ്ഗ വകുപ്പ് മുഖേന പ്രസ്തുത ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്നതു സംബന്ധിച്ച് രേഖ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

ii) സെന്റ് മേരീസ് യു പി എസ്, കക്കാടംപൊയിൽ 5 എണ്ണം വീതം സ്റ്റീൽ ടേബിൾ, പ്ലാസ്റ്റിക് ചെയർ എന്നിവ നൽകിയിട്ടുണ്ടെങ്കിലും വിദ്യാർത്ഥികൾ കൈപ്പറ്റിയ വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയത് വിദ്യാർത്ഥികളിൽ നിന്നും ലഭ്യമായിട്ടുള്ളതായി ഓഡിറ്റ് വേളയിൽ അറിയിച്ചുവെങ്കിലും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ 5 എണ്ണം വീതം ടേബിൾ, ചെയർ എന്നിവയുടെ വില 18,183/- രൂപ (290922/80 x 5) തടസ്സം ചെയ്യുന്നു.

6)പ്രോജക്റ്റ് നം. 96/17

പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം പദ്ധതി

വിനിയോഗിച്ച തുക – 2,81,000 രൂപ (പ്ലാൻ ഫണ്ട് )

ബിൽ നം. 1/16-17/14.10.16 – 45,000 രൂപ

ബിൽ നം. 2/16-17/16.11.16 – 38,000 രൂപ

ബിൽ നം. 3/16-17/17.12.16 – 45,000 രൂപ

ബിൽ നം. 5/16-17/10.02.17 – 32,000 രൂപ

ബിൽ നം. 8/16-17/10.02.17 – 44,000 രൂപ

ബിൽ നം. 10/16-17/13.03.17 – 36,000 രൂപ

ബിൽ നം. 15/16-17/22.03.17 – 44,000 രൂപ

ജി.എൽ.പി.എസ് ഇടിവണ്ണ സ്കൂളിലെ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നൽകലാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്.
ചാലിയാർ സർവ്വീസ് സഹകരണ ബാങ്ക് സ്റ്റോറിൽ നിന്നാണ് പ്രഭാത ഭക്ഷണം നൽകുന്നതിനാവശ്യമായ സാധനങ്ങൾ വാങ്ങുന്നത്. ഐ.സി.ഡി.എസ് മുഖേന നടപ്പിലാക്കുന്ന അനുപൂരകം പോഷകാഹാരം പദ്ധതിക്കും ആശ്രയ പദ്ധതിയിലടക്കമുള്ള മറ്റു ഭക്ഷ്യപരിപാടികൾക്കും കുറഞ്ഞ വിലയിൽ സാധനങ്ങൾ ലഭ്യമായ മാവേലി സ്റ്റോറുകളിൽ നിന്ന് ഭക്ഷ്യോൽപ്പന്നങ്ങൾ വാങ്ങുന്നതിനാണ് സർക്കാർ നിർദ്ദേശമുള്ളത്. എന്നാൽ തൊട്ടടുത്ത് തന്നെ മാവേലി സ്റ്റോർ ഉണ്ടായിരുന്നിട്ടും സർക്കാർ നിർദ്ദേശം പാലിക്കാതെ സഹകരണ ബാങ്ക് സ്റ്റോറിൽ നിന്ന് സാധനങ്ങൾ വാങ്ങിക്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. ചെലവു തുക തടസ്സം ചെയ്യുന്നു.

വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം.18/23.06.2017) മറുപടി ലഭ്യമാക്കിയില്ല.

## 3-15 ഷീപ്പാഡ് പദ്ധതി - വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

സ.ഉ (സാധാ)നം. 280/2016/തസ്വഭവ തി.25.01.2016 പ്രകാരം കേരള വനിതാ വികസന കോർപ്പറേഷൻ സ്കൂൾ വിദ്യാർത്ഥിനികൾക്കായി നടപ്പിലാക്കിയ സാനിറ്ററി നാപ്കിൻ വിതരണ പദ്ധതി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തുക വിനിയോഗിക്കുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. അതിൻപ്രകാരം ചാലിയാർ ഗ്രാമപഞ്ചായത്തിൽ ഹെഡ്മിസ്ട്രസ് ജി.എൽ.പി.എസ് ഇടിവണ്ണ നിർവ്വഹണ ഉദ്യോഗസ്ഥയായി 1000 കുട്ടികൾക്ക് ഷീപ്പാഡ്, മൂന്ന് ഇൻസിനേറ്റർ, മൂന്ന് അലമാര എന്നിവ വാങ്ങുന്നതിന് താഴെ പറയും പ്രകാരം പ്രോജക്റ്റ് തയ്യാറാക്കി കേരള വനിതാ വികസന കോർപ്പറേഷന് തുക നൽകിയിരുന്നു.

പ്രോജക്റ്റ് നം. 138/17

വിനിയോഗിച്ച തുക – 2,88,657 രൂപ

ബിൽ നം. 7/16-17/ 10.02.2017

പ്രോജക്ടിനായി വേണ്ടിവന്നിരുന്ന തുകയുടെ 50% മാണ് കേരള വനിതാ വികസന കോർപ്പറേഷന് മുൻകൂറായി നൽകിയിട്ടുള്ളത്. മേൽ ഉത്തരവു പ്രകാരം ഈ തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചതിന് ശേഷം മാത്രം ബാക്കി തുക അനുവദിക്കുവാൻ നിഷ്കർശിച്ചിട്ടുണ്ട്. തുകയുടെ വിനിയോഗ വിവരം ഓഡിറ്റിന് ലഭ്യമാക്കുന്നതുവരെ ചെലവു തുക തടസ്സം ചെയ്യുന്നു.

## 3-16 വെറ്ററിനറി സർജൻ നടപ്പിലാക്കിയ വിവിധ പദ്ധതികൾ -അപാകതകൾ

ചാലിയാർ ഗ്രാമപഞ്ചായത്തിൽ 2016-17 വർഷത്തിൽ വെറ്ററിനറി സർജൻ നടപ്പിലാക്കിയ വിവിധ പദ്ധതികൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1)പ്രോജക്റ്റ് നം. 125/17

മൃഗാശുപത്രിയിലേക്ക് മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ പദ്ധതി

വിനിയോഗിച്ച തുക - 50,000 രൂപ

ബിൽ നം.11/16-17/29.03.2017

പദ്ധതി പ്രകാരം 40,000 രൂപക്കുള്ള മെഡിക്കൽ ഉപകരണങ്ങൾ ക്വട്ടേഷൻ മുഖേന Surgchem Thrissur എന്ന സ്ഥാപനത്തിൽ നിന്നും, 10,000 രൂപക്ക് സോഫ്റ്റ് ലാന്റ് ഇന്ത്യ എന്ന സ്ഥാപനത്തിൽ നിന്നും (ക്വട്ടേഷൻ ഇല്ലാതെ) മെഡിക്കൽ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

40,000 രൂപക്കുള്ള മെഡിക്കൽ ഉപകരണങ്ങൾ വാങ്ങിയതിന്റെ ക്വട്ടേഷൻ നോട്ടീസ്, താരതമ്യ സ്റ്റേറ്റ്മെന്റ്, രണ്ടു സ്ഥാപനങ്ങളും തുക കൈപ്പറ്റിയതിന്റെ വിവരം, സ്റ്റോക്ക് ഇഷ്യൂ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

2)പ്രോജക്റ്റ് നം. 127/17

വനിതകൾക്ക് ഗർഭിണി കിടാരിയുടെ വിതരണം (എസ് സി)

വിനിയോഗിച്ച തുക - 84,000 രൂപ (എസ് സി പി )

ബിൽ നം.3/16-17/18.03.2017 - 36,000 രൂപ

ബിൽ നം.7/16-17/29.03.2017 - 48,000 രൂപ

പട്ടികജാതിക്കാരായ 7 വനിതകൾക്ക് 12,000 രൂപ വീതം സബ്സിഡി നൽകി ഗർഭിണി കിടാരിയുടെ വിതരണമാണ് പദ്ധതിയിൽ നടത്തിയിട്ടുള്ളത്.

പദ്ധതി ഗുണഭോക്താക്കളായ താഴെ പറയുന്നവർ പട്ടികജാതിക്കാരാണെന്ന് തെളിയിക്കുന്ന രേഖ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

i)സരോജിനി, വെളിയൻ, ഇടിവണ്ണ പി ഒ

ii)തങ്ക, തോങ്ങോടൻ, ആനപ്പാറ

iii)റീനമോൾ, ചെറളക്കാടൻ, ആനപ്പാറ

iv)ഷൈനി, മരടൻ, മതിലുമൂല

3)പ്രോജക്റ്റ് നം. 55/17

ക്ഷീരകർഷകർക്ക് ഉല്പാദന ബോണസ് (ജനറൽ)

വിനിയോഗിച്ച തുക - 8,99,745 രൂപ

ബിൽ നം. 8/16-17/29.03.2017

പദ്ധതി പ്രകാരം ചാലിയാർ ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്ന എട്ട് ക്ഷീരസഹകരണ സംഘങ്ങൾ മുഖേന

അതാത് മാസങ്ങളിലെ പാലളവ് പ്രകാരം കാലിത്തീറ്റ വിതരണമാണ് വിഭാവനം ചെയ്തിട്ടുള്ളത്.

i)ആഢ്യൻപാറ ക്ഷീരസഹകരണ സംഘം

ii)കക്കാടംപൊയിൽ ക്ഷീരസഹകരണ സംഘം

iii)ഇടിവണ്ണ ക്ഷീരസഹകരണ സംഘം

iv)എളമ്പിലാക്കോട് ക്ഷീരസഹകരണ സംഘം

v)വെണ്ടേക്കുംപൊയിൽ ക്ഷീരസഹകരണ സംഘം

vi)എരുമമുണ്ട ക്ഷീരസഹകരണ സംഘം

vii)അകമ്പാടം ക്ഷീരസഹകരണ സംഘം

viii)കുന്നത്ത്ചാൽ ക്ഷീരസഹകരണ സംഘം

അതാത് മാസങ്ങളിലെ മേൽ ക്ഷീരസഹകരണ സംഘങ്ങളിലെ പാലളവ് സംബന്ധിച്ച വിവരങ്ങൾ, കാലീത്തീറ്റ വിതരണം നടത്തിയതിന്റെ വിവരം എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

വിശദാംശങ്ങൾ ആരാഞ്ഞു കൊണ്ട് നൽകി ഓഡിറ്റ് എൻക്വയറിക്കും (നം.20/24.06.2017) മറുപടി ലഭ്യമാക്കിയില്ല. ചെലവുതുക (10,23,745 രൂപ ) ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-17 ആശ്രയ പദ്ധതി

ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ടം അവസാനിച്ചപ്പോൾ 1387782 (പഞ്ചായത്ത് ഫണ്ട് - 690127 ചലഞ്ച് ഫണ്ട് – 697655) രൂപ അവശേഷിക്കുന്നുണ്ടായിരുന്നു. 2015-2018 കാലയളവിലേക്കായി 549440 രൂപ അടങ്കലിൽ 9 കുടുംബങ്ങളെ ഉൾപ്പെടുത്തി തുടർ സേവന പാക്കേജ് പ്രൊജക്ട് രൂപീകരിച്ചതിന് സ.ഉ(സാധാ) 1463/2017 /തസ്വഭവ തീ. 06.05.17 പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും പദ്ധതി തുടങ്ങിയിട്ടില്ല. സ.ഉ.(സാധാ)നം.2146/16 തസ്വഭവ തീ.18/7/16 പ്രകാരം 1405040 രൂപ അടങ്കലിൽ 19 ഗുണഭോക്താക്കളെ ഉൾപ്പെടുന്ന രണ്ടാം ഘട്ടത്തിന് അംഗീകാരം ലഭിച്ചിക്കുകയും 2016-17 മുതൽ പ്രവർത്തനം തുടങ്ങുകയും ചെയ്തിട്ടുണ്ട്. വീട്ടു നിർമ്മാണം, പുനരുദ്ധാരണം എന്നിവക്കായി 351215 രൂപയും മരുന്ന്, ഭക്ഷണം എന്നിവക്കായി 35187 രൂപയുമാണ് 2016-17ൽ ചെലവുള്ളത്. സാമ്പത്തിക വർഷത്തിൽ 6,00,000 ലക്ഷം രൂപ വികസനഫണ്ട് കൂടി പദ്ധതിക്കായി അനുവദിച്ചിട്ടുണ്ടെങ്കിലും പദ്ധതി വളരെ മന്ദഗതിയിലാണ് നടന്നു വരുന്നത്. പദ്ധതി അക്കൗണ്ടിൽ 01.06.17ന് 2150134 രൂപ അവശേഷിക്കുന്നുണ്ട്. പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ യഥാസമയം, നിറവേറ്റപ്പെടാതിരിക്കുന്നതും, ലഭ്യമായ ഫണ്ട് വിനിയോഗിക്കാതെ നിഷ്ക്രിയമായി തുടരുന്നതും നിർവ്വഹണത്തിലുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഇ.എം.എസ് ഭവനപദ്ധതി | സ.ഉ (സാ) നം. 1160/2010 /തസ്വഭവ. തിയ്യതി: 30.03.2010 | 7850000 | 2715580 | 1480823 | 239917 | 1234757 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ.

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ലഭിച്ച 20,917/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2005-06 | 2-3 | 19534 | ശ്രീ.ചെറിയാപ്പു, നാലകത്ത് | 11604101375 / 30.09.2016 |
| 2004-05 | 2-2<br>3-1 | 1383<br>(633 + 750) | ശ്രീ.കെ.കെ.സത്യകുമാരൻ, സെക്രട്ടറി | 11604101502 / 07.10.2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2007-08 | 2011-12<br>അനുബന്ധം 9 | മരാമത്ത് വർക്കുകളുടെ അവലോകനം. | -- |

## 4-8 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 51510046 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 47320423 |
| വരവിനങ്ങളിലുള്ള നഷ്ടം | 2447 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 15960 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2650877 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 2447 | | ശ്രീ.യു.പ്രേമരാജൻ, സെക്രട്ടറി |
| 3-14(1) | | 15960 | ശ്രീമതി.പി.ഷെർളി, ഹെഡ്മിസ്ട്രസ്സ് |
| ആകെ | 2447 | 15960 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 600000 | ശ്രീ.സിദ്ധീഖ് വടക്കൻ, സെക്രട്ടറി |
| 3-4 | 25520 | ശ്രീ.സത്യകുമാരൻ.കെ.കെ, സെക്രട്ടറി |
| 3-7 | 1,64,233 | ഡോ. അനൂപ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-9 | 1,55,573 | ഡോ.ബീന റസാഖ് മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) |
| 3-10 | 50,280 | ഡോ.സിന്ധ്യ.പി., മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 3-14 | 3,42,869 | ശ്രീമതി.പി.ഷെർലി, ഹെഡ്മിസ്ട്രസ് |
| 3-15 | 288657 | ശ്രീമതി.പി.ഷെർലി, ഹെഡ്മിസ്ട്രസ് |
| 3-16 | 1023745 | ഡോ.നിഖിൽ റോഷ്.എ.എസ്., വെറ്ററിനറി സർജൻ |
| ആകെ | 26,50,877 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. യു.പ്രേമരാജൻ, സെക്രട്ടറി | സെക്രട്ടറി,<br>ചാലിയാർ ഗ്രാമപഞ്ചായത്ത് | ഊരാളത്ത് ഹൗസ്<br>കരുളായി.പി.ഒ<br>മലപ്പുറം ജില്ല. |
| ശ്രീമതി. പി. ഷെർളി<br>ഹെഡ്മിസ്ട്രസ്സ് | ലഭ്യമല്ല | മുണ്ടപ്പാടം വീട്<br>ഇടിവണ്ണ (പി.ഒ)<br>മലപ്പുറം ജില്ല |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| | | | |
| 1994-95<br>1995-96 | എൽ.എഫ്.എം.5/193/14<br>തി.04.10.2014 | 5 | |
| 1996-97<br>(ജെ.ആർ.വൈ) | എൽ.എഫ്.എം.13/1239/1999 തി.09.11.1999 | 2 | |
| 1996-97 | എൽ.എഫ്.എം.13/1227/1999 തി.09.02.2000 | 17 | |
| 1997-98<br>(സ്പെ.റിപ്പോർട്ട്) | എൽ.എഫ്.എം.13/1316/1999(1) തി.05.02.2003 | 113 | |
| 1998-99 | എൽ.എഫ്.എം.5/2137/09 തി.18.08.2010 | 6 | |
| 1999-00 | എൽ.എഫ്.എം.5/2137/09 തി.18.08.2010 | 13 | |
| 2000-01 | എൽ.എഫ്.എം.5/612/08 തി.18.08.2010 | 23 | |
| 2001-02 | എൽ.എഫ്.എം.5/1165/13(8) തി-04.12.2013 | 2 | |
| 2002-03 | എൽ.എഫ്.എം.5/1165/13(9) തി-04.12.2013 | 6 | |
| 2003-04 | എൽ.എഫ്.എം.5/1165/13(10) തി-04.12.2013 | 14 | |
| 2004-05 | എൽ.എഫ്.എം.5/1165/13(11) തി-04.12.2013 | 9 | |
| 2005-06 | എൽ.എഫ്.എം.5/1165/13(12) തി-04.12.2013 | 20 | |
| 2006-07 | എൽ.എഫ്.എം.5/1165/13(13) തി-04.12.2013 | 12 | |
| 2007-08 | എൽ.എഫ്.എം.5/1165/13(14) തി-04.12.2013 | 19 | |
| 2008-09 | എൽ.എഫ്.എം.5/1165/13(15) തി-04.12.2013 | 21 | |

| | | | |
|---|---|---|---|
| 2009-10<br>2010-11 | എൽ.എഫ്.എം.5/194/14 തി:05.02.2014 | 24 | |
| 2011-12<br>2012-13 | എൽ.എഫ്.എം.5/120/2016 തി:22.04.2016 | 15 | |
| 2013-14<br>2014-15 | കെ.എസ്.എ.എം.പി.എം.5/1628/2016 തി:29-06-2017 | 18 | |
| 2015-16 | കെ.എസ്.എ.എം.പി.എം.3083/2016 തി:10.11.2016 | 23 | |

## അനുബന്ധം - 1

### ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ-എം.പി.എം.5/1433/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

പിൻ- 676 505 ഫോൺ: 0483 2734951

ഇ-മെയിൽ: dompm.ksad@kerala.gov.in

തീയ്യതി .22-08-2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ ചാലിയാർ ഗ്രാമപഞ്ചായത്തിൻെറ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അമരമ്പലം ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം,

മലപ്പുറം.

## Annexure - 1

# AUDIT CERTIFICATE

KSA-MPM.5/1433/2017

Kerala State Audit Department

District Audit Office, Malappuram

PIN- 676 505 Phone: 0483 2734951

Email- dompm.ksad@kerala.gov.in

Dated .22-08-2017

CERTIFICATE

Certified that I have examined the Annual Financial Statement of Chaliyar Grama Panchayat in Malappuram District for the year 2016-17 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of Chaliyar Grama Panchayat for the year 2016-17 except the observations in my audit report properly present the picture of income and expenditure.

DEPUTY DIRECTOR

MALAPPURAM.